## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 4830.** **26/06/2019 -ൽ മറുപടിക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വിഭവ ശേഖരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **ഡോ.കെ.ടി.ജലീൽ (ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വിഭവ ശേഖരണം ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സമഗ്ര വിവര ശേഖരണം ലക്ഷ്യമാക്കി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആൾ കേരളാ ഹയർ എഡ്യൂക്കേഷൻ സർവ്വേയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഓൺലൈൻ പോർട്ടൽ വഴിയാണ് വിവരശേഖരണം നടത്തുന്നത്. ഇതിനകം 500-ൽ പരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. |
| (ബി) ഇത്തരം ഒരു വിവര ശേഖരണം നടത്തു വാനുണ്ടായ സാഹചര്യ മെന്താണെന്നറിയിക്കുമോ; | (ബി) ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട നയരൂപീകരണ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകം ആധികാരികമായ ഡേറ്റ ആണ്. പുതിയ പദ്ധതികളും അക്കാദമിക് പരിപാടികളും ആവിഷ്കരിക്കുന്നതിനും കൃത്യമായ ഡേറ്റ ആവശ്യമാണ്. റൂസ അടക്കമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഫണ്ട് തരംതിരിക്കുന്നത് ഡേറ്റാ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പ്രൊപ്പോസൽ പരിഗണിച്ചാണ്. വിവിധ അക്കാദമിക് പ്രോഗ്രാമുകളെക്കുറിച്ചും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും അദ്ധ്യാപകരെക്കുറിച്ചുമൊക്കെയുള്ള വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്ക് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അക്കാദമിക് സമൂഹത്തിനും പ്രയോജന പ്പെടുത്താനും കഴിയും. |
| (സി) ഏതൊക്കെ കാര്യങ്ങളാണ് സർവ്വേ വഴി ശേഖരിച്ചത്; | (സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ, ഭൗതിക സൗകര്യങ്ങൾ, സ്കോളർഷിപ്പ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ, അക്കാദമിക് പ്രോഗ്രാമുകൾ സംബന്ധിച്ച വിവരങ്ങൾ, അദ്ധ്യാപക-അനദ്ധ്യാപകരുടെ യോഗ്യത അടക്കമുള്ള വിശദാംശങ്ങൾ, വിദ്യാർത്ഥികളെ സംബന്ധിച്ച ഡേറ്റാ തുടങ്ങി സമഗ്ര വിവരങ്ങളാണ് ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ വഴി ശേഖരിക്കുന്നത്. |
| (ഡി) സർവ്വകലാശാലകളുടെ സംസ്ഥാനത്തിന് പുറത്തുള്ള സെന്റർ സ്ഥാപനങ്ങളുടെ വിശദാംശവും ഇപ്രകാരം ശേഖരിച്ചിട്ടുണ്ടോ? | (ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിവരശേഖരണമാണ് ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**